# ‘ഇടയന്റെ ശബ്ദം തിരിച്ചറിയുക’

## യോഹന്നാൻ 10:27

“എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു.”

യേശുകർത്താവ് പരസ്യശുശ്രൂഷയിലുടനീളം അവൻ ആരാണെന്ന സത്യം വെളിപ്പെടുത്തുകയും പഠിപ്പിക്കുകയും ഒക്കെ ചെയ്തു. എന്നാൽ പരീശന്മാരോ, ശാസ്ത്രിമാരോ കർത്താവ് ആരാണെന്ന് അറിയുവാനും വിശ്വസിക്കുവാനും പരാജയപ്പെട്ടു. എന്നിട്ടും ഈ കൂട്ടർ യേശുവിനോടു വീണ്ടും ‘നീ ക്രിസ്തുവെങ്കിൽ സ്പഷ്ടമായി പറക’ **John 10:24** എന്ന് ആവശ്യപ്പെടുകയാണ്. ഇവരുടെ മധ്യത്തിലേക്ക് കർത്താവ് നൽകുന്ന മറുപടിയാണ് ഇന്നത്തെ നമ്മുടെ കുറിവാക്യം.

‘എന്റെ ആടുകൾ’ എത്ര സ്നേഹവാത്സല്യത്തോടെയുള്ള വിളിയോടുകൂടെയാണ് കർത്താവ് പറയുന്നത്. ഒരു ആട് തന്റെ ഇടയന്റെ ശബ്ദം എവിടെയായാലും തിരിച്ചറിയും. അപരിചിതൻ വന്ന് അവന്റെ മാർഗ്ഗത്തെ തിരിക്കാൻ ശ്രമിച്ചാലും ആടുകൾക്ക് അവ നന്നായി മനസ്സിലാക്കാൻ കഴിയും. കാരണം ഉടയവന്റെ ശബ്ദം അത്ര അധികമായി അവന്റെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. താൻ പോകേണ്ടുന്ന വഴിയിലൂടെ കൊണ്ടുപോകുവാൻ അവനേ കഴിയൂ എന്ന് ഈ ആട്ടിൻകൂട്ടത്തിന് നന്നായി അറിയാം.

ഒരു വളർത്തു നായയുടെ കാര്യം എടുത്താലും അവന്റെ ഉടമസ്ഥന്റെ ശബ്ദം എവിടെയായാലും ഈ നായയ്ക്ക് മണത്തറിയാം. കാരണം ജീവിതത്തിന്റെ ഭൂരിഭാഗവും അവൻ തന്റെ യജമാനന്റെ കൂടെ ആയിരുന്നു.

പ്രിയദൈവമക്കളേ, നമ്മുടെ ജീവിതവും ഒരു ദിനത്തിന്റെ 24 മണിക്കൂറും ഈ പ്രിയന്റെ കൂടെ ആണെങ്കിൽ തീർച്ചയായും ഉടയവന്റെ ശബ്ദം കാതുകൾക്കും ഹൃദയത്തിനും മാധുര്യം ആയിത്തീരും. യേശുകർത്താവിന്റെ ഇമ്പസ്വരം കാതുകൾക്ക് ഏത് അവസ്ഥയിലായാലും ഒരു ആശ്വാസം ആകും. അവന്റെ ശബ്ദത്തിന്റെ ഓരോ **tone** ഉം നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ശമുവേൽ ബാലൻ ദൈവശബ്ദം കേട്ടു എന്നു നാം കാണുന്നു. അതേ, അവന്റെ ശബ്ദത്തിനായി പിഞ്ചുബാലൻ ഏല്പിച്ചു കൊടുത്തപ്പോൾ പ്രിയന്റെ ശബ്ദം തിരിച്ചറിയാൻ ഇടയായി.

ഇന്നു പലപ്പോഴും നാം അങ്ങോട്ട് മാത്രം സംസാരിക്കുന്നവരാണ്. കർത്താവിന്റെ ശബ്ദം കേൾക്കാൻ സമയമില്ല. സാഹചര്യമില്ല. കേട്ടെങ്കിലും അതു തിരിച്ചറിയാനോ,

മനസ്സിലാക്കുവാനോ, ഗ്രഹിക്കുവാനോ കഴിയാതെ പരീശന്മാരെപ്പോലെ വീണ്ടും അവിശ്വാസികളായി കർത്താവിന്റെ അടുത്തേക്ക് ചെല്ലുന്നവരായിത്തീരുന്നു. ആദവും ഹവ്വയും ഏദെൻ തോട്ടത്തിൽ ദൈവത്തിന്റെ കാലൊച്ച കേട്ടു എന്നു നാം വായിക്കുന്നു. അവൻ സ്നേഹിക്കുന്ന മക്കളോടകൂടെ നടക്കാൻ, സംഭാഷിക്കാൻ, സംസർഗ്ഗം നടത്താൻ ആഗ്രഹിക്കുന്ന നല്ല ഇടയനാകുന്നു യേശുകർത്താവ്. താൻ തിരഞ്ഞെടുത്ത തന്റെ ആടുകൾ വഴിതെറ്റിപ്പോകാനോ, കുഴിയിൽ വീണു നശിച്ചുപോകാനോ ഈ ഇടയൻ നമ്മെ ഏല്പിച്ചു കൊടുക്കില്ല. അവൻ തന്റെ ആടുകളെ നന്നായി അറിയുന്നു. ആടുകൾ തന്റെ ഇടയന്റെ ശബ്ദം ഒരു തടസ്സവും ഇല്ലാതെ മനസ്സിലാക്കുന്നു. എന്നാൽ അവന്റെ ആടുകളാകുന്ന നമുക്ക് എത്രത്തോളം യേശുകർത്താവിന്റെ ശബ്ദം കേൾക്കാൻ കഴിയുന്നുണ്ട്. നമുക്ക് അതിനായി ഓരോ നിമിഷവും ആത്മാവിന്റെ സഹായവും നടത്തിപ്പും ആവശ്യമാകുന്നു. പ്രിയന്റെ ശബ്ദം കേട്ടുകൊണ്ട് ദിനം തുടങ്ങാനും അവസാനിക്കുവാനും ഇടയാകണം. അങ്ങനെയെങ്കിൽ അത് മാധുര്യമേറിയ ഒരു അനുഭവമായിത്തീരും.

മരുഭൂമിയുടെ ഘോരമായ ചൂടാകട്ടെ, വരൾച്ചയാകട്ടെ, അതുമല്ലെങ്കിൽ ജീവിതത്തിന്റെ തണുപ്പിക്കുന്ന അനുകൂലമായ സാഹചര്യമാകട്ടെ, ഒരു ദൈവപൈതലിന്റെ ജീവിതത്തെ നിയന്ത്രിക്കേണ്ടത് അവന്റെ ഉടയവന്റെ പക്ഷത്തുനിന്നും വരുന്ന ശബ്ദം മാത്രം ആയിരിക്കണം. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ 'രാത്രികാലങ്ങളിലും തന്റെ അന്തരാത്മാവിനെ ഉപദേശിക്കുന്ന' ആത്മാവിന്റെ സാന്നിധ്യബോധത്തിൽ നമുക്കു ജീവിക്കാൻ കഴിയണം. 'എന്റെ ആടുകൾ' എന്ന സ്നേഹവായ്പോടെയുള്ള വിളി ലോകത്തിന്റെ ഏതു കോണിലായാലും ദൈവപൈതലിന്റെ മാത്രം അവകാശവും അനുഗ്രഹവും ആകുന്നു. അവനെ മാത്രം നോക്കി കർത്താവിൽ വിശ്വസിച്ചുകൊണ്ട്, അവന്റെ ശബ്ദം, ജീവിതത്തെ മുഴുവനായും നിയന്ത്രിക്കാൻ വിട്ടുകൊടുത്തുകൊണ്ട്, ഇടയന്റെ കൈക്കുപിടിച്ചുകൊണ്ട്, ലക്ഷ്യത്തിലേക്കു യാത്ര ചെയ്യാൻ ഓരോ വിശ്വാസിക്കും കഴിയുമാറാകട്ടെ.

പരാമർശം :

വെളിപ്പാട് 7:17

സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേയ്ച്ചു ജീവജലത്തിന്റെ ഉറവു കളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയുകയും ചെയ്യും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 108